വർദ്ധിപ്പിക്കുന്നതിനും ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധനവിലൂടെയും ഉത്പന്ന വൈവിധ്യവത്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിത്ത് മുതൽ വിപണി വരെയുള്ള ഒരു സമഗ്ര കാർഷിക വികസന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ കേരളത്തിലെ പഴം പച്ചക്കറി മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് വിത്ത് മുതൽ വിപണി വരെ ഉത്പാദനത്തിന്റെ എല്ലാ ഘട്ടങ്ങളിലും സഹായം എത്തിക്കുന്നതിനായാണ് വെജിറ്റബിൾ ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ രൂപീകരിക്കപ്പെട്ടത്. പഴം പച്ചക്കറി മേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ സ്വാശ്രയ സംഘങ്ങളുടെ രൂപീകരണം, മാസ്റ്റർ കർഷകരെ തെരഞ്ഞെടുക്കൽ, മികവുറ്റ പരിശീലന പരിപാടികൾ, കർഷക പങ്കാളിത്തത്തോടെയുള്ള ഗവേഷണ പദ്ധതികൾ, വായ്പാ പദ്ധതി, സ്വാശ്രയ കർഷക സമിതികളുടെ രൂപീകരണം എന്നിവയാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### 2013-14 ഗ്രാമവികസന വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക

1 (7298) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തിൽ ഗ്രാമവികസന വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും ഏതൊക്കെ പദ്ധതികൾക്കായി എത്ര കോടി രൂപ ലഭിച്ചിരുന്നുവെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) എന്തൊക്കെ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ;

(സി) എത്ര രൂപ ചെലവഴിക്കാതെ നഷ്ടപ്പെട്ടുവെന്നും ഇതിന്റെ കാരണമെന്തായിരുന്നുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

### പൊതുസ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതി നിർവ്വഹണം

2 (7299) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പദ്ധതി നിർവ്വഹണം പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നിർവ്വഹിക്കുവാൻ പ്ലാനിംഗ് ബോർഡിൽ ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly